ഏപ്രിൽ 28, 2014

പ്രചാരണ ഡയറി- 28-04-2014

**അരുൺ ജെയ്റ്റ്ലി,**
**(പ്രതിപക്ഷ നേതാവ്, രാജ്യസഭ)**

നരേന്ദ്ര മോദിക്ക് വോട്ടു ചെയ്യുന്നവർ സ്വയം കടലിൽ ചാടണമെന്ന ഡോ. ഫാറൂഖ് അബ്ദുള്ളയുടെ പ്രസ്താവനയെ എല്ലാവരും അപലപിക്കേണ്ടതാണ്. ഇതു പ്രകടിപ്പിക്കുന്നത് ഫാറൂഖിന്റെ ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തെ അപലപിക്കുന്ന മനോഭാവമാണ്. ഫാഖൂറ് സാഹിബ് വിശ്വസിക്കുന്നതുപോലെ, ഇന്ത്യ മതേതരം തന്നെയാണ്, ഇന്ത്യഒരുകാരണവശാലും വർഗ്ഗീയ രാഷ്ട്രീയം അംഗീകരിക്കുകയുമില്ല.
എന്നാൽ ഏതാണ് ഇന്ത്യയിൽ മതേതരത്വം കടുത്ത പരാജയമായിരിക്കുന്ന ഒരേയൊരു സംസ്ഥാനം? നമ്മുടെ രാജ്യത്ത് ഒറ്റപ്പെട്ട, ദൗർഭാഗ്യകരമായ, ഒട്ടേറെ സംഭവങ്ങൾ പലയിടങ്ങളിയായി ഉണ്ടായിട്ടുണ്ട്. എന്നാൽ ഇത്തരം സംഭവങ്ങളിൽനിന്ന് പെട്ടെന്നുതന്നെ മോചിതമായി സാധാരണ നിലയിൽ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ ഇന്ത്യൻ സമൂഹത്തിനാകുമെന്ന് തെളിയിച്ചിട്ടുണ്ട്. പക്ഷേ, ഇക്കാര്യത്തിൽ പരാജയം സംഭവിച്ച ഒരേയൊരു സംസ്ഥാനം ഫാറൂഖ് സാഹിബിന്റെ ജമ്മു കാശ്മീർ സംസ്ഥാനമാണ്. ഇന്ത്യ ഏതെങ്കിലും തരത്തിൽ വംശീയ തുടച്ചു നീക്കൽ ഒരു സമൂഹത്തിനെതിരായി സംഭവിച്ചതിനു സാക്ഷിയായിട്ടുണ്ടെങ്കിൽ അത് കാശ്മീരി പണ്ഡിറ്റുകളെ സംസ്ഥാനത്തിനു പുറത്തേക്ക് ആട്ടിപ്പായിച്ചുകൊണ്ട് ജമ്മുകാശ്മീരിൽ നടപ്പിലാക്കിയതാണ്. ഇന്ത്യ ഒരിക്കലും വർഗ്ഗീയ രാഷ്ട്രീയം അംഗീകരിക്കില്ല. കാശ്മീർ ഒരു കാരണവശാലും വർഗ്ഗീയ രാഷ്ട്രീയം സ്വീകരിക്കില്ലെന്ന് ഫാറൂഖ് സാഹിബ് പറഞ്ഞതിൽ എനിക്ക് ഏറെ ആഹ്ലാദമുണ്ട്. എന്നാൽ, പലായനം ചെയ്യേണ്ടിവന്ന കാശ്മീരി പണ്ഡിറ്റുകൾക്കു മടങ്ങിവരാൻ ചുവപ്പു പരവതാനി വിരിക്കാൻ കാശ്മീർ തയ്യാറാകുമോ.
ഇന്ത്യ നരേന്ദ്രമോദിയെ പ്രധാനമന്ത്രിയാക്കാൻ വോട്ടുചെയ്യും. അതിന്റെ പേരിൽ ആരും കടലിൽ ചാടേണ്ടതില്ല. പക്ഷേ ഫാറൂഖ് സാഹിബും പാർട്ടിയും മൂകസാക്ഷികളായി നിൽക്കുമ്പോൾ, കാശ്മീർ പണ്ഡിറ്റുകൾക്കു സ്വന്തം നാട്ടിലേക്കു തിരിച്ചു പോകാനാവാത്ത സാഹചര്യത്തിൽ, കുറ്റബോധം പ്രകടിപ്പിക്കാൻ അദ്ദേഹം ദാൽ തടാകത്തിൽ മുങ്ങുകയെങ്കിലും വേണം.

**ശ്രീമതി വാദ്രയുടെ വാക്പ്രയോഗങ്ങൾ**

ശ്രീമതി വാദ്ര പറയുന്നു, അവർക്ക് ആരെയും പേടിയില്ലെന്ന്. അവർ ബിജെപിയെ പേടിച്ചരണ്ട എലിയോടുപമിച്ചിരിക്കുന്നു.
കുടുംബാംഗങ്ങൾക്ക് തെരഞ്ഞെടുപ്പിൽ സ്ഥാനാത്ഥികളെ സഹായിക്കാം. സ്ഥാനാർത്ഥി വിവിധ പരിപാടികളിൽ മുൻനിശ്ചയിച്ച പരിപാടികളിൽ നേരത്തേതന്നെ മുഴുകിപ്പോയിട്ടുണ്ടാകാം. സ്ഥാനാർത്ഥികൾക്ക് എത്തിച്ചേരാൻ കഴിയാത്തിടത്തോ തെരഞ്ഞെടുപ്പു പ്രചാരണ ഓഫീസുകളിലോ ബന്ധുക്കൾ സഹായ പ്രവർത്തനം നടത്തി ആ ശൂന്യത നികത്തും. എന്നാൽ രാഷ്ട്രീയ പ്രവർത്തകരോട് ധിക്കാരം കാട്ടരുതെന്നും വിനയം കാണിക്കണമെന്നും ആ ബന്ധുക്കളോടു പ്രത്യേകം പറയാറുണ്ട്. രാഷ്ട്രീയ എതിരാളികളെ ഒരിക്കലും അമാന്യമായി പരാമർശിക്കരുതെന്നും പറയാറുണ്ട്.
എന്നാൽ ശ്രീമതി വാദ്ര അവരുടെ അഭിപ്രായ പ്രകടനങ്ങൾകൊണ്ട് രാഷ്ട്രീയ ചർച്ചയുടെ നിലവാരം കുറച്ചുകളഞ്ഞു. കടുത്ത വിമർശനം പോലും തികച്ചും മാന്യമായ രീതിയിൽ ചെയ്യുന്നതിന് ഭാഷക്ക് ശേഷിയുണ്ടായിരിക്കെയാണിത്.
ശ്രീമതി വാദ്ര ആരേയും പേടിക്കേണ്ടതില്ല. അവർ നിയമത്തെ മാത്രം ഭയന്നാൽ മതി. വാദ്രമാർ എത്ര മുകളിലാണോ അതിനും മുകളിലാണ് നിയമം. നിയമം ആരെയും വെറുതേ വിടില്ല, ദരിദ്രനായാലും സമ്പന്നനായാലും പ്രശസ്തരായാലും അവരുടെ ബന്ധുക്കളായാലും. എന്റെ കുടുംബാംഗങ്ങൾ ആരെങ്കിലും രാഷ്ട്രീയ എതിരാളികളെ എലിയെന്നോ ഇഴജന്തുവെന്നോ വിളിച്ചാൽ അതിൽ ഏറ്റവും ദുഃഖിക്കുന്നതു ഞാനായിരിക്കും.